(ബി) ഇതുമൂലം എത്ര രൂപ അധികച്ചെലവുണ്ടാകുന്നുണ്ട്;

(സി) പുനഃസംഘടനമൂലം ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടുണ്ടോ;

(ഡി) എന്തെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്;

(ഇ) ഫയലുകളുടെ താമസം ഒഴിവാക്കാൻ പുനഃസംഘടന സഹായിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 12.

(ബി) ഉദ്ദേശം 2225 രൂപ പ്രതിമാസം ചെലവാകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വികേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള അധികാരങ്ങളുടെ ഒരു പട്ടിക * മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

കാഷ്യൂകാളേജും വെറ്ററിനറി കാളേജും.

* 53. [58] ശ്രീ. എം. എ. ജോൺ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഒരു കാർഷികകാളേജും, വെറ്ററിനറി കാളേജും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയാണ് അവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു്?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സംസ്ഥാനത്തു് ഒരു കാർഷികകാളേജും, ഒരു വെറ്ററിനറി കാളേജും ആരംഭിച്ചുകഴിഞ്ഞു.

(ബി) കാഷ്യൂകാളേജു് തിരുവനന്തപുരത്തിനടുത്തു വെള്ളായണിയിലും, വെറ്ററിനറി കാളേജു് തൃശ്ശൂരിനടുത്തു് മുള്ളൂക്കരയിലുമാണ് ആരംഭിച്ചിരിക്കുന്നതു്.

ഗയിം ഫീസു്.

* 54. [60] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ ഗവണ്മെൻറു് ഹൈസ്കൂളുകളിൽ നിന്നും 1954-55 വിദ്യാലയവർഷത്തിൽ ആകെ എത്ര തുക ഗയിംഫീസായി പിരിഞ്ഞു കിട്ടിയിട്ടുണ്ടു്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കു് എല്ലാംകൂടി കഴിഞ്ഞ കൊല്ലം എത്ര രൂപയുടെ കളിസാധനങ്ങൾ വാങ്ങിയിട്ടുണ്ടു്?

* Please See Appendix V.

LIBRARY ARCHIVES Kerala Legislative Assembly